**GAZETTE DATE : 17.06.2025**
**LAST DATE : 16.07.2025**

# CATEGORY NO: 112/2025

Applications are invited from qualified candidates for selection to the undermentioned post in Kerala Government Service. Applications must be submitted online only through the official website of the Kerala Public Service Commission after "ONE TIME REGISTRATION" at www.keralapsc.gov.in.

1. **Name of Department** : Education

2. **Name of Post** : Full Time Junior Language Teacher (Arabic) UPS (By-transfer Recruitment)

3. **Scale of pay** : ₹ 35,600 – 75,400/-

4. **Number of vacancies** : District-wise

| | |
|---|---|
| Kannur | 01 (one) |

**Note:** **(i)** The applicant should be an Approved Probationer/ Full Member of the Kerala General Education Department as on the date of application.

**(ii)** Candidates shall submit application for the post to Kannur district where the vacancy is existing and shall note the name of that district against the relevant column in the online application.

**(iii)** A Ranked list will be prepared for Kannur district in pursuance of this notification. The Ranked list thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against the aforesaid vacancy and also against the vacancies, if any, reported during the currency of the list.

**(iv)** In the absence of suitable candidates, the vacancies notified for By Transfer recruitment shall be filled up by the candidates from the Ranked List prepared for Direct Recruitment.

**(v)** The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O.(Ms).No.154/71/PD dated, 27.05.1971. A candidate advised for appointment in one revenue district from the Ranked List prepared is not eligible for transfer to another district unless he/ she completes five years continuous service from the date of commencement of service in former district. Even if transfer is allowed after five years, it will be subject to the rules in G.O.(Ms).No.4/61/PD dated 02.01.1961. But as per the G.O.(P).No. 12/96/P&ARD dated 16.3.1996 the conditions of 5 years Service is not applicable for transfer to the districts Idukki, Wayanad and Kasaragod. The concession will be available only for getting transfer to these districts but not for getting transfer out of these districts. And these concession will be granted only once in the career of a Government Servant. Candidates already in Government service holding this post in any one district are prohibited from applying again for this post, but they can apply to higher posts when notified.

**(vi)** The rules regarding the reservation of appointment contemplated in Rules 14 to 17 in Part II of the KS & SSR are not applicable to recruitment by transfer.

**(vii)** KS & SSR Part I, Rule 2 (13) is applicable for this post.

5. **Method of appointment** : Recruitment By Transfer from Clerk/ Typist/ Attender/ Office Attendant/ Full Time Menial in the General Education Department.

6. **Age limit** : Upper Age limit not applicable to this post.

7. **Qualifications:** :

**I** A pass in Higher Secondary Examination with Arabic as an optional subject or as second language;

OR

A pass in Afzal-Al-Ulama Preliminary examination;

OR

A pass in the Pre Degree examination with Arabic as an optional subject;

OR

A pass in the SSLC examination from Arabic Oriental School or from academic school with Arabic as First Language conducted by the Commissioner for Government Examinations, Kerala and a pass in Higher Secondary examination;

OR

A pass in Higher Secondary examination and a pass in Arabic Teachers Examination conducted by the Commissioner for Government Examinations, Kerala;

OR

A pass in Higher Secondary Examination and Degree/ Post Graduate Degree in Arabic language conferred or recognized by the Universities in Kerala:

**AND**

A pass in the 2 year Diploma in Elementary Education (Arabic), in short D.El.Ed (Arabic), examination conducted by the Commissioner for Government Examinations, Kerala.

OR

A Degree in Arabic and B.Ed in Arabic conferred or recognized by the Universities in Kerala.

**(Link)**

**Equivalent / Higher Qualification**

**Note:** Qualifications noted below are applicable to those candidates who have acquired (Item-II) qualifications or gained admission to the respective (Item-II) qualifying courses on or before 07.03.2019. Those who have gained admission to Item-II qualifying courses from 08.03.2019 to 09.06.2024 will be considered only if they possess D.El.Ed qualification in Arabic as on the last date of receipt of application.

**II** A degree in Arabic conferred or recognized by the Universities in Kerala;

OR

A title of Oriental learning in Arabic awarded or recognized by the Universities in Kerala;

OR

A Pass in Pre-degree with Part III Arabic (Special Optional) of the Calicut University;

OR

A pass in Plus two, Part III, Arabic (optional) course conducted by the Board of Higher Secondary Examinations, Kerala;

OR

A pass in SSLC Examination conducted by the Commissioner for Government Examinations, Kerala with Arabic under Part I and Part II First Language;

OR

A pass in SSLC Examination conducted by the Commissioner for Government Examinations, Kerala or its equivalent and any one of the following qualifications.

(i) A Pass in Arabic Munshi Examination (Higher) conducted by the Commissioner for Government Examinations, Kerala.

(ii) A Pass in Arabic Munshi Examination (Lower) conducted by the Commissioner for Government Examinations, Kerala.

(iii) A Pass in Arabic Teachers Examination conducted by the Commissioner for Government Examinations, Kerala.

(iv) A Pass in Arabic Entrance Examination of the Kerala and Calicut Universities.

**Note:** In addition to the above qualifications, BA Arabic & Islamic History double main degree awarded or recognized by Universities in Kerala will also be considered as a qualification for the above said post. [G.O.(Ms).No.8/2019/G.Edn dated 14.01.2019]

**III Must have passed the Kerala Teacher Eligibility Test-IV (K-TET-IV) for this post conducted by the Government of Kerala. [Generally applicable for those who apply under 7(I) and 7(II) above]**

**Exemption:**

(i) Candidates who have qualified CTET/ NET/ SET/ M.Phil/ Ph.D in the respective subjects or M.Ed are exempted from acquiring K-TET. [G.O.(P).No. 145/2016/G.Edn Dated 30.08.16; G.O.(P).No.206/2016/G.Edn Dated 08.12.2016].

(ii) Candidates who have acquired C-TET (Primary stage & Elementary stage) will not be considered against K-TET Category III and IV. [G.O.(P).No.6/2024/G.Edn dated 01.02.2024]

(iii) Candidates who have acquired K-TET Category III are exempted from acquiring K-TET Category IV. [G.O.(Ms).No.109/2022/G.Edn dated 24.06.2022]

(iv) The Employees of the General Education Department who have entered in service before 31.03.2012 and have completed prescribed period of service in the respective non teaching cadre are exempted from acquiring K-TET qualification. [Circular No.1866829/J3/18/GED dated. 18.06.2018]

**Note:**

(a) As per G.O.(P).No.15/2020/G.Edn dated 09.10.2020, M.Ed, which is prescribed as a substitute qualification for K-TET, need not be subject specific.

(b) M.Phil in the concerned subject be the one awarded by any of the Universities in Kerala or recognized as equivalent by any of the Universities in Kerala.

(c) Candidates should possess the minimum general educational qualification for the post viz, A pass in SSLC examination conducted by the Commissioner for Government Examinations, Kerala. [G.O.(Ms).No.232/2009/G.Edn Dated 30.11.2009]. This clause is applicable only for those who apply with qualifications specified as 7 (II).

IV **5 Years service as Clerk/ Typist/ Attender/ Office Attendant/ Full Time Menial in the General Education Department as on the date of application.** [G.O.(P).No.129/2011/G.Edn Dated 31.05.2011, G.O.(Ms).No.69/2021/G.Edn Dated 16.02.2021]

Note: (a) Candidates should obtain a Service Certificate in the form given as **ANNEXURE-I** of this notification in original from the Head of Office/ Department and should upload the same in their profile and produce the same as and when called for.

(b) Rule 10 a(ii) of Part II KS&SSR will be applicable for this post.

(c) In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission

**8. Mode of Submitting applications:**

(A) Candidates shall register as per 'ONE TIME REGISTRATION ' system on the Official Website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their User- ID and password. Candidates shall click on the 'Apply Now' button of the respective posts in the Notification link for applying for a post. Candidates who are creating profile must upload photograph which is taken within six months. Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for.

(B) Candidates who have AADHAAR card should add AADHAAR card as ID Proof in their profile.

9. Last date for submission of applications :- **16.07.2025** Wednesday upto 12.00 midnight.

10. Address to which applications are to be submitted: - www.keralapsc.gov.in

**11. Special Instructions to Candidates:-**

(A) In the case of difference in caste/ community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non Creamy Layer Certificate/ Community Certificate at the time of Certificate Verification.

(B) Candidates are required to acquaint themselves with the instructions given in the notification as Part-II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(C) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc., and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or the initiation of criminal or other proceedings against them or their removal or dismissal from office or

the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**(D)** If written/OMR/Online Test is conducted as part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will given to the candidates in their respective profiles and in the mobile phone number registered in it.

[For details including photo, ID card etc., refer the General Conditions given in Part II of the Gazette Notification]

Annexure-I

## SERVICE CERTIFICATE

| | | |
|---|---|---|
| 1 | Name of candidate | : |
| 2 | Name of post held by the applicant and Scale of Pay | : |
| 3 | Name of the Department in which now working | : |
| 4 | Name of the Service to which the applicant belongs | : |
| 5 | Date of commencement of service and date of commencement of probation | : |
| 6 | Whether the applicant is an approved probationer or full member of the service. | : |
| 7 | Community & Religion as entered in the Service Records (in the case of SC/ ST/ OBC only) | : |

**SERVICE PARTICULARS**

| Sl.No. | Name of the Post Held | Period | | Length of Service | | | Date of Declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Year | Months | Days | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

**Total Service:**

Certified that the above details in respect of Sri./Smt………………………………………… who is an Approved Probationer/ Full member of the ……………………......................... service have been verified by me with service particulars as given in the Service Book of the Candidate and that they are found correct.

Also certified that Sri./Smt……………………….……………………….......is eligible to apply for the post of Full Time Junior Language Teacher (Arabic) UPS (By Transfer) as per the provisions contained in Rule 2 (13) of Part I, KS & SS Rule 1958.

Place :
Date :

Signature
Name & Designation of the
Head of Office

(Office Seal)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 112/2025

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺ ലൈനായി മാത്രം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ www.keralapsc.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിലൂടെ "ഒറ്റത്തവണ രജിസ്ട്രേഷൻ" പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (തസ്തികമാറ്റം വഴിയുള്ള നിയമനം )
3. **ശമ്പളം** : ₹ 35,600-75,400/-
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാ അടിസ്ഥാനത്തിൽ

| | |
|---|---|
| **കണ്ണൂർ** | **01 (ഒന്ന്)** |

**കുറിപ്പ്:**

(i) ഉദ്യോഗാർത്ഥികൾ, അപേക്ഷ അയയ്ക്കുന്ന തീയതിയിൽ, കേരള പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളവരോ (Approved Probationer) ആയിരിക്കണം.

(ii) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) ഈ വിജ്ഞാപന പ്രകാരം കണ്ണൂർ ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iv) തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യുവാൻ അർഹരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(v) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ 27.05.1971-ലെ G.O.(Ms).No. 154/71/PD നമ്പർ സർക്കാർ ഉത്തരവിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ G.O.(Ms).No.04/61/PD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കുവിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996-ലെ G.O.(P).No.12/96/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) KS & SSR, പാർട്ട്-II-ലെ, 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ തസ്തികമാറ്റം വഴിയുള്ള ഈ നിയമനത്തിന് ബാധകല്ല.

(vii) KS & SSR, പാർട്ട്-I-ലെ, ചട്ടം 2(13) ഈ തസ്തികയ്ക്ക് ബാധകമാണ്.

5. **നിയമനരീതി** : പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലർക്ക് / ടൈപ്പിസ്റ്റ്/ അറ്റൻഡർ/ ഓഫീസ് അറ്റൻഡന്റ്/ ഫുൾ ടൈം മീനിയൽ വിഭാഗങ്ങളിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.

6. **പ്രായപരിധി** : ഉയർന്ന പ്രായപരിധി ഈ തസ്തികയ്ക്ക് ബാധകമല്ല.

7. **യോഗ്യതകൾ** :

I. അറബിക് ഒരു ഐച്ഛിക വിഷയമായി അഥവാ രണ്ടാം ഭാഷയായി ഹയർ സെക്കണ്ടറി പരീക്ഷയിൽ നേടിയ വിജയം;

അല്ലെങ്കിൽ

അഫ്സൽ-അൽ-ഉലമ പ്രിലിമിനറി പരീക്ഷയിൽ നേടിയ വിജയം;

അല്ലെങ്കിൽ

അറബിക് ഒരു ഐച്ഛിക വിഷയമായി പ്രീഡിഗ്രി പരീക്ഷയിൽ നേടിയ വിജയം;

അല്ലെങ്കിൽ

അറബിക് ഓറിയന്റൽ സ്കൂളിൽ നിന്നോ അക്കാദമിക് സ്കൂളിൽ നിന്നോ കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് ഒന്നാം ഭാഷയായുള്ള SSLC പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം ഹയർ സെക്കൻഡറി പരീക്ഷ വിജയിച്ചിരിക്കണം;

അല്ലെങ്കിൽ

ഹയർസെക്കൻഡറി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് ടീച്ചേഴ്സ് പരീക്ഷ വിജയിച്ചിരിക്കണം;

അല്ലെങ്കിൽ

ഹയർ സെക്കൻഡറി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം/ ബിരുദാനന്തര ബിരുദം;

**കൂടാതെ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന 2 വർഷത്തെ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (അറബിക്), ചുരുക്കത്തിൽ D.El.Ed (അറബിക്) പരീക്ഷ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദവും, അറബിക് ഭാഷയിലുള്ള B.Ed-ഉം

**(Link)**

Equivalent / Higher Qualification

**കുറിപ്പ്:** **ചുവടെ ഇനം-II ആയി ചേർത്തിരിക്കുന്ന യോഗ്യതകൾ, 07.03.2019 തീയതിയിലോ അതിന് മുമ്പോ നേടിയ ഉദ്യോഗാർത്ഥികൾക്കും, പ്രസ്തുത തീയതിയിലോ അതിന് മുമ്പോ [ഇനം-II] യോഗ്യത കോഴ്സുകൾക്ക് പ്രവേശനം നേടിയ ഉദ്യോഗാർത്ഥികൾക്കും ബാധകമാണ്. 08.03.2019 തീയതി മുതൽ 09.06.2024 വരെ ഇനം-II യോഗ്യത കോഴ്സുകൾക്ക് പ്രവേശനം നേടിയ ഉദ്യോഗാർത്ഥികളെ, അപേക്ഷ അയയ്ക്കുന്ന അവസാന തീയതിയിൽ D.El.Ed അറബിക് യോഗ്യത നേടിയിട്ടുളള പക്ഷം തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്.**

II. കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം;

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബിക്) പഠനത്തിലുള്ള ഒരു ടൈറ്റിൽ;

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട്-III അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീ-ഡിഗ്രി;

അല്ലെങ്കിൽ

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട്-III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം;

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിക് എടുത്ത് പാസ്സായിരിക്കണം.;

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന SSLC-യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

(i) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

(ii) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

(iii) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

(iv) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**<u>കുറിപ്പ്:</u>** മേൽ പരാമർശിച്ച യോഗ്യതകൾക്കു പുറമെ കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

[G.O.(Ms).No.8/2019/G.Edn തീയതി 14.01.2019]

**III. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്-IV (K-TET-IV) പാസ്സായിരിക്കണം. [7(I), 7(II) ഇനങ്ങളിലെ യോഗ്യതകൾ പ്രകാരം അപേക്ഷിക്കുന്നവർക്ക് പൊതുവായി ബാധകമാണ്]**

**എക്സംപ് ഷൻ:** (i) M.Ed. അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ C-TET/ NET/ SET/ M.Phil/ Ph.D യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ K-TET യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്[G.O.(P).No.145/2016/G.Edn. തീയതി 30.08.2016; G.O.(P).No.206/2016/G.Edn. തീയതി 08.12.2016].

(ii) C-TET (പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ്) യോഗ്യത നേടിയവരെ K-TET Category-III & IV യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. [G.O.(P).No.6/2024/G.Edn തീയതി 01.02.2024]

(iii) K-TET Category-III നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ K-TET Category-IV നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. [G.O.(Ms).No.109/2022/G.Edn തീയതി 24.06.2022]

(iv) 31.03.2012-ന് മുൻപ് സർവീസിൽ പ്രവേശിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ അനദ്ധ്യാപക തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവീസ് പൂർത്തിയാക്കിയ ജീവനക്കാരെ K-TET പാസ്സാകണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. [18.06.2018 തീയതിയിലെ 1866829/J3/18/GED നമ്പർ സർക്കാർ പരിപത്രം]

**<u>കുറിപ്പ്:</u>** **(a)** 09.10.2020 തീയതിയിലെ G.O.(P).No.15/2020/G.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം K-TET-ന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണം എന്ന് നിർബന്ധമില്ല .

**(b)** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള M.Phil യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**(c)** 30.11.2009-ലെ G.O.(Ms).No.232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന SSLC പരീക്ഷ പാസ്സായിരിക്കണം. [ഇനം 7(II)-ലെ യോഗ്യതകളുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്നവർക്ക് മാത്രം ബാധകമാണ്]

**IV. അപേക്ഷ അയയ്ക്കുന്ന തീയതിയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലർക്ക്/ ടൈപ്പിസ്റ്റ്/ അറ്റൻഡർ/ ഓഫീസ് അറ്റൻഡന്റ്/ ഫുൾ ടൈം മീനിയൽ ആയി അഞ്ചു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.** [G.O.(P).No.129/2011/G.Edn Dated 31.05.2011, G.O.(Ms).No.69/2021/G.Edn. Dated 16.02.2021]

**<u>കുറിപ്പ്:</u>** **(a)** ഉദ്യോഗാർത്ഥികൾ തങ്ങളുടെ സേവനകാലം തെളിയിക്കുന്നതിനുള്ള അസ്സൽ സർവീസ് സർട്ടിഫിക്കറ്റ്, **<u>അനുബന്ധം-I</u>** ആയി ഈ വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ**,** ഓഫീസ്/ വകുപ്പ് മേലധികാരിയിൽ നിന്നും വാങ്ങി പ്രൊഫൈലിൽ upload ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**(b)** KS&SSR Part II Rule 10 a(ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**(c)** ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിങ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**8. അപേക്ഷ അയയ്ക്കേണ്ട രീതി:**

**(A)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID-യും password-ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now-ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**(B)** ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **16.07.2025** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

**10.** അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് അഡ്രസ്: www.keralapsc.gov.in

**11. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-**

**(A)** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(B)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(C) വിദ്യാഭ്യാസം, പരിചയം ഉടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(D) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുളള യോഗ്യതയുളള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

**അനുബന്ധം-I**

## സർവ്വീസ് സർട്ടിഫിക്കറ്റ്

| | | |
|---|---|---|
| 1 | ഉദ്യോഗാർത്ഥിയുടെ പേര് | : |
| 2 | ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും, ശമ്പള സ്കെയിലും | : |
| 3 | ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് | : |
| 4 | ഉദ്യോഗാർത്ഥി ഉൾപ്പെടുന്ന സർവ്വീസ് | : |
| 5 | സർവീസ് തുടങ്ങിയ തീയതിയും, പ്രൊബേഷൻ ആരംഭിക്കുന്ന തീയതിയും | : |
| 6 | അപേക്ഷകൻ സർവ്വീസിലെ അപ്രൂവ്ഡ് പ്രൊബേഷണറാണോ/ ഫുൾ മെമ്പറാണോ | : |
| 7 | സമുദായം/ മതം സർവീസ് രേഖകളിൽ കാണും പ്രകാരം (എസ്.സി/ എസ്.ടി/ ഒ.ബി.സി വിഭാഗം ഉദ്യോഗാർത്ഥികൾക്ക്) | |

**സേവന വിവരങ്ങൾ**

| ക്രമ നം. | സേവനമനുഷ്ഠിച്ച തസ്തിക | കാലയളവ് | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| **ആകെ സർവ്വീസ് :** | | | | | | | |

........................................................................സർവ്വീസിൽ ഒരു അപ്രൂവ്ഡ്പ്രൊബേഷണർ/ ഫുൾ മെമ്പറായ ശ്രീ./ശ്രീമതി................................................................................ എന്ന ഉദ്യോഗസ്ഥനെ സംബന്ധിച്ച് മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ./ശ്രീമതി ............................................................................. ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് തസ്തികയ്ക്ക് (തസ്തികമാറ്റം വഴി) അപേക്ഷിക്കാൻ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ പാർട്ട് 1 റൂൾ 2(13) പ്രകാരം അർഹതയുള്ള ആളാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :
തീയതി :

ഓഫീസ് തലവന്റെ ഒപ്പ്
പേര് & ഉദ്യോഗപ്പേര്

(ഓഫീസ് സീൽ)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ